# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:28.02.2026**

### പ്രധാനവാർത്തകൾ

1) വിദ്യാർത്ഥികളെ ശരിയായ രീതിയിൽ രൂപപ്പെടുത്തുന്നതിലൂടെ സമൂഹത്തിനും രാഷ്ട്രത്തിനും കൂടുതൽ സംഭാവന നൽകാൻ അവർക്ക് സാധിക്കുമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.
2) ആഗോള സമ്പദ് വ്യവസ്ഥയുടെ ഭാവി ബയോ ടെക്ക് മേഖലയിലെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. ആക്കുളം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി കാമ്പസിൽ വിവിധ പദ്ധതികൾക്ക് കേന്ദ്രസഹമന്ത്രി തുടക്കം കുറിച്ചു.
3) കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനു കീഴിൽ 'സുശക്തി' എന്ന പേരിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു.
4) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഈ വർഷം ഏപ്രിൽ ഒന്നുമുതൽ അഷ്വേർഡ് പെൻഷൻ ഉറപ്പാക്കി സർക്കാർ ഉത്തരവായി.
5) പശ്ചിമേഷ്യൻ രാജ്യങ്ങളിലെ സംഘർഷസാധ്യതയുടെ പശ്ചാത്തലത്തിൽ ഇന്ത്യൻ പൗരന്മാർ ജാഗ്രത പാലിക്കണമെന്ന് വിദേശകാര്യ മന്ത്രാലയം. നോർക്ക റൂട്ട്സ് ഹെൽപ്പ്ഡെസ്ക് പ്രവർത്തനം ആരംഭിച്ചു.

PNU TVPM

6) ട്വൻറി- 20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 ൽ ഇന്ന് ശ്രീലങ്ക പാക്കിസ്ഥാനെ നേരിടും.

7)

&&&&&&&&&&&&&&&&&&

ഉപരാഷ്ട്രപതി - കേരളം (ഇൻട്രോ)

വിദ്യാർത്ഥികളെ ശരിയായ രീതിയിൽ രൂപപ്പെടുത്തുന്നതിലൂടെ സമൂഹത്തിനും രാഷ്ട്രത്തിനും കൂടുതൽ സംഭാവന നൽകാൻ അവർക്ക് സാധിക്കുമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. കോട്ടയം ചങ്ങനാശ്ശേരി സെൻറ് ബെർക്ക്മാൻസ് കോളേജിൻറെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ഒരാളെ സ്വയം പര്യപ്തനാക്കാൻ കഴിയുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു .

(ഹോൾഡ് വോയ്സ്.........)

വിദ്യാഭ്യാസം രാജ്യപുരോഗതിക്കു അനിവാര്യമാണെന്ന് ചടങ്ങിൽ പങ്കെടുത്ത ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. നയങ്ങൾ കൊണ്ട് മാത്രം ഒരു രാഷ്ട്രം കെട്ടിപ്പടുക്കാനാവില്ല എന്നും എസ്.ബി കോളേജ് പോലുള്ള സ്ഥാപനങ്ങളാണ് അവയ്ക്ക് കരുത്തും ദിശാബോധവും നൽകുന്നത് എന്നും ചടങ്ങിൽ പങ്കെടുത്ത കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അഭിപ്രായപ്പെട്ടു. മന്ത്രി വി. എൻ വാസവൻ, കൊടിക്കുന്നിൽ സുരേഷ് എം.പി തുടങ്ങിയവരും സംബന്ധിച്ചു. രണ്ട് ദിവസത്തെ സന്ദർശനത്തിനായിട്ടാണ് ഉപരാഷ്ട്രപതി ഇന്ന് കേരളത്തിലെത്തിയത്. തൃശ്ശൂരിലെ ദേവമാത സിഎംഐ പബ്ലിക് സ്കൂളിൽ ചേതന ഗാനാശ്രമത്തിൻറെ ശിലാസ്ഥാപനം ശ്രീ സി.പി രാധാകൃഷ്ണൻ നാളെ നിർവഹിക്കും. തുടർന്ന്, പത്തനാപുരം സെൻറ് സ്റ്റീഫൻസ് ഹൈസ്കൂളിൻറെ ശതാബ്ദി ആഘോഷങ്ങളിലും അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&&

RNU TVPM

## പി.എം - HPV വാക്സിനേഷൻ

14 വയസ്സുള്ള പെൺകുട്ടികൾക്കായുള്ള ഗർഭാശയഗള ക്യാൻസറിനെതിരെയുള്ള HPV വാക്സിനേഷൻ യജ്ഞത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി രാജസ്ഥാനിലെ അജ്മീറിൽ തുടക്കം കുറിച്ചു . ഏകദേശം 1.15 കോടി പെൺകുട്ടികൾക്കാണ് വാക്സിനേഷൻ നൽകുന്നത്. സംസ്ഥാനത്തും HPV വാക്സിനേഷൻ യജ്ഞത്തിന് ഇന്ന് തുടക്കമായി.

&&&&&&&&&&&&&&&&&&

## പി എം - മൈക്രോൺ (ഇൻട്രോ)

ആഗോള സെമികണ്ടക്ടർ ശൃംഖലയുടെ ഭാഗമായി ഇന്ത്യ മാറിക്കൊണ്ടിരിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗുജറാത്തിലെ സാനന്ദിലെ മൈക്രോൺ സെമികണ്ടക്ടർ ടെക്നോളജിയുടെ സെമികണ്ടക്ടർ അസ്സംബ്ലി, ടെസ്റ്റ് ആൻഡ് പാക്കേജിങ് ഫെസിലിറ്റിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

(പി.എം വോയ്സ്......)

ഇന്ന് രാത്രിയോടെ ചെന്നൈയിലെത്തുന്ന പ്രധാനമന്ത്രി നാളെ പുതുച്ചേരിയിലും മധുരയിലും വിവിധ വികസന പദ്ധതികൾക്കും തുടക്കം കുറിക്കും.

RNU TVPM

&&&&&&&&&&&&&&&&&&

## മന്ത്രിസഭാ യോഗം

ഭിന്നശേഷിക്കാരായ വ്യക്തികളുടെ ഉന്നമനത്തിനും സമഗ്ര ശാക്തീകരണത്തിനുമായി കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻറെ കീഴിൽ 'സുശക്തി' എന്ന പേരിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. സൊസൈറ്റിയുടെ സംഘടനാ പ്രമാണവും നിയമാവലിയും അംഗീകരിക്കാനും തീരുമാനിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ വിവിധ തസ്തികയിലെ കരാർ ജീവനക്കാരുടെ വേതനത്തിൽ 2025 ഏപ്രിൽ ഒന്ന് മുതൽ 10 ശതമാനം വർധനവ് പ്രാബല്യത്തിൽ

വരുത്താനും തീരുമാനിച്ചു. പോലീസ് വകുപ്പിൽ 51 അധിക തസ്തിക സൃഷ്ടിക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

## അഷ്വേർഡ് പെൻഷൻ

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അഷ്വേർഡ് പെൻഷൻ ഉറപ്പാക്കി സർക്കാർ ഉത്തരവായി. നാഷണൽ പെൻഷൻ സ്കീമിന് പകരമായി അഷ്വേർഡ് പെൻഷൻ സ്കീം കൊണ്ടുവരുമെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായാണ് മിനിമം പെൻഷൻ ഉറപ്പാക്കുന്ന അഷ്വേർഡ് പെൻഷൻ സ്കീം ഈ വർഷം ഏപ്രിൽ ഒന്നുമുതൽ പ്രാബല്യത്തിൽ വരുത്തികൊണ്ട് ഉത്തരവിറക്കിയത്.

&&&&&&&&&&&&&&&&&&

## വീണാ ജോർജ്

കേരളത്തിന്റെ അപൂർവ രോഗ സംരക്ഷണ പദ്ധതിയായ കെയറിന്റെ ഭാഗമായി വിലകൂടിയ റിസ്ഡിപ്ലാം മരുന്ന് പിന്തുണ 25 വയസ് വരെയാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. 12 വയസ് വരെ നൽകിയിരുന്ന മരുന്നാണ് 25 വയസാക്കിയത്. ജനിതക പരിശോധനയിലൂടെ എസ്.എം.എ. ടൈപ്പ് 2 സ്ഥിരീകരിച്ച രോഗികളെയെല്ലാം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

PIU TVPM

&&&&&&&&&&&&&&&&&&

## വയനാട് - ഉരുൾപൊട്ടൽ

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്കുള്ള ടൗൺഷിപ്പിൻ്റെ ഉദ്ഘാടനം നാളെ നടക്കും. രാവിലെ 11 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിക്കും. 178 കുടുംബങ്ങൾക്കാണ് ആദ്യഘട്ടത്തിൽ വീട് നൽകുന്നത്.

&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ

ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

**ജിതേന്ദ്രസിംഗ് (ഇൻട്രോ)**

ആഗോള സമ്പദ് വ്യവസ്ഥയുടെ ഭാവി ബയോ ടെക്ക് മേഖലയിലെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്.
തിരുവനന്തപുരം ആക്കുളത്തെ രാജീവ് ഗാന്ധി സെൻ്റർ ഫോർ ബയോടെക്നോളജി കാമ്പസിൽ വാർഷിക ശാസ്ത്ര ദിന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
ബയോടെക്നോളജി നയം ഉള്ള ചുരുക്കം രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു.
(ഹോൾഡ് വോയ്സ്)
കാമ്പസിൽ റീകോമ്പിനൻ്റ് സെല്ലുകൾക്കും സെൻസറുകൾക്കുമുള്ള ദേശീയ സംവിധാനം നാടിനു സമർപ്പിച്ച കേന്ദ്ര സഹമന്ത്രി ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് സൗകര്യത്തിൻ്റെ നിർമ്മാണോദ്ഘാടനവും നിർവഹിച്ചു.
രാവിലെ ഭാരതീയ വിചാര കേന്ദ്രം സ്ഥാപക ഡയറക്ടറും ചിന്തകനുമായിരുന്ന പി.പരമേശ്വരൻറെ സ്മരണാർത്ഥം സംഘടിപ്പിച്ച പരിപാടിയിലും അദ്ദേഹം പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**ഇസ്രായേൽ - ഇന്ത്യൻ പൗരന്മാർ**

ഇസ്രായേലിലെ സുരക്ഷാ സാഹചര്യം കണക്കിലെടുത്ത് ഇന്ത്യൻ പൗരന്മാർ ജാഗ്രത പാലിക്കണമെന്നും സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും വിദേശകാര്യ മന്ത്രാലയം.
താമസസ്ഥലത്തിനടുത്തുള്ള ഷെൽട്ടറുകളിൽ തുടരണമെന്നും അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കാനും നിർദ്ദേശമുണ്ട്.
അടിയന്തര സഹായത്തിന് +972-54-7520711 എന്ന നമ്പറിലോ cons1.telaviv@mea.gov.in എന്ന ഇമെയിലിലോ ബന്ധപ്പെടുക.

RNU TVPM

അതേസമയം ഇറാനിലെ ദക്ഷിണ മേഖലിയിലെ സ്കൂളിൽ ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ 40 വിദ്യാർത്ഥികൾ കൊല്ലപ്പെട്ടതായി ഇറാൻ മാധ്യമ റിപ്പോർട്ടുകളുണ്ട്.

&&&&&&&&&&&&&&&&&&

<u>ഇന്ത്യൻ എംബസി - യുഎഇ</u>

അതേസമയം ദുബായിലെ കോൺസുലേറ്റ് ജനറൽ സാധാരണഗതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഇന്ത്യൻ എംബസി അറിയിച്ചു. അടിയന്തര അന്വേഷണങ്ങൾക്ക് 800-46342 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാമെന്ന് എംബസി അറിയിച്ചു. +971543090571 എന്ന വാട്ട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

&&&&&&&&&&&&&&&&&&

<u>നോർക്ക</u>

പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ നോർക്ക റൂട്ട്സ് ഹെൽപ്പ്ഡെസ്ക് പ്രവർത്തനം ആരംഭിച്ചു. +91-8802012345 എന്ന നമ്പറിൽ ബന്ധപ്പെടാം. ഇന്ത്യയിൽ നിന്നും , 18004253939 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്. പൗരന്മാർ അതത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുടെയും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾ പാലിക്കണമെന്നും നിർദേശം.

&&&&&&&&&&&&&&&&&&

<u>എയർ ഇന്ത്യ - വിമാന സർവീസ്</u>

പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യം കണക്കിലെടുത്ത്, എയർ ഇന്ത്യ, മേഖലയിലെ വിവിധ ഇടങ്ങളിലേക്കുള്ള വിമാന സർവീസുകൾ നിർത്തിവച്ചു. ഇൻഡിഗോ ഇന്ന് രാത്രിവരെയുള്ള സർവീസുകൾ നിർത്തിവയ്ച്ചു. വിവിധ അന്താരാഷ്ട്ര ഫ്ലൈറ്റുകൾ തടസപ്പെടുകയോ വൈകി സർവീസ് നടത്തുകയോ ചെയ്യാമെന്ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം അറിയിച്ചു. കരിപ്പൂർ, കൊച്ചി, കണ്ണൂർ, വിമാനത്താവളങ്ങളിൽ നിന്നുള്ള സർവീസുകളും തടസപ്പെട്ടിട്ടുണ്ട്. യാത്രക്ക് മുന്നോടിയായി

RNU TVPM

അതത് എയർലൈൻ വെബ്സൈറ്റുകൾ പരിശോധിക്കണമെന്ന് നിർദേശം.

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ട്വൻ്റി- 20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 ൽ ഇന്ന് ശ്രീലങ്ക പാക്കിസ്ഥാനെ നേരിടും. ശ്രീലങ്കയിലെ പല്ലെക്കെലെ അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ അല്പസമയത്തിനകം മത്സരം ആരംഭിക്കും.

&&&&&&&&&&&&&&&&&&

## പ്രത്യേക സമിതി

തീരദേശവാസികൾക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും വീട്ടുനമ്പർ അനുവദിക്കുന്നത് സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാനായി സർക്കാർ പ്രത്യേക സമിതിയെ നിയോഗിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എന്നിവരടങ്ങുന്നതാണ് സമിതി. ഈ മാസം 24ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരമാണ് ഉത്തരവ്.

RNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&